124 (1033) കെ.എസ്.ഇ.ബി. പ്രവർത്തനങ്ങൾ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-ാം ധനകാര്യ കമ്മീഷൻ കെ.എസ്.ഇ.ബി. യുടെ പ്രവർത്തന ത്തെക്കുറിച്ച് സൂക്ഷ്മമായി വിമർശനം നടത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെ.എസ്.ഇ.ബി.യുടെ ഏതൊക്കെ പ്രവർത്തനങ്ങ ളാണ് വിമർശന വിധേയമായിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിമർശനങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷി ച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രവർത്തനത്തിലെ പോരായ്മകൾ ഒഴിവാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന പരാമർശങ്ങൾ നടത്തിയതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്.

(1) പലിശ ക്യാപിറ്റലൈസ് ചെയ്തും തേയ്മാനം കണക്കിൽ കാണിച്ചും സർക്കാർ ബോർഡിനു നൽകുന്ന സബ്സിഡിയും ഉൾക്കൊള്ളി ച്ചാണ് ബോർഡ് ലാഭമുണ്ടാക്കിയതായി കണക്കിൽ കാണിച്ചിരിക്കുന്നത്.

(2) കഴിഞ്ഞ അഞ്ചു വർഷങ്ങളായി ബോർഡിന്റെ പ്രസരണവിതരണ നഷ്ടം (റ്റി.ആന്റ് ഡി ലോസ്) 20% ആണ്.

(3) പ്ലാന്റ് ലോഡ് ഫാക്ടർ വ്യതിയാനം 51%-ത്തിനും 56%-ത്തിനും ഇടയ്ക്കാണ്.

(4) ബോർഡിന്റെ വൈദ്യുതി വില്ക്കുന്ന വിലയും കോസ്റ്റും (ഉല്പാദ നച്ചെലവ്) തമ്മിലുള്ള അന്തരം വർദ്ധിച്ചു വരുന്നു.

(5) 1/2/97 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്കരണം മുഖാ ന്തിരം, പലിശ ക്യാപ്പിറ്റലൈസ് ചെയ്യാതെയും സർക്കാരിനുള്ള സബ്സിഡി കണക്കിലെടുക്കാതെയും ബോർഡിനു ലാഭകരമായി പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു.

(സി&ഡി)ഇക്കാര്യങ്ങൾ പരിശോധിച്ച് യുക്തമായ നടപടികളെടുക്കു ന്നതാണ്.

125 (1034) കെ.എസ്.ഇ.ബി. കെല്ലിൽ നിന്ന് വാങ്ങിയ ട്രാൻസ്ഫോർമറുകൾ

ശ്രീ.കെ.മുഹമ്മദാലി:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ "കെല്ലിൽ" നിന്നും ഇലക്ട്രിസിറ്റി ബോർഡ് ട്രാൻസ്ഫോർമർ ഉൾപ്പെടെ യുള്ള എന്തെല്ലാം സാമഗ്രികൾ കഴിഞ്ഞ 3 വർഷത്തിനിടയിൽ വാങ്ങിയി ട്ടുണ്ട്; ഇത് ഏകദേശം എത്ര രൂപയുടെ ഇടപാട് ആണ്;

LIBRARY ARCHIVES Kerala Legislative Assembly